മലബാർ കാൻസർ സെന്റർ, തലശ്ശേരി
(പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്)

# നേതി

ഒരു ആന്റി ടുബാക്കോ സെൽ പ്രസിദ്ധീകരണം

വാല്യം 22







## വായന എന്ന ലഹരി

ഗായത്രി വി
VII A, JNV Mahe

മാഞ്ഞുപോയി, ആ നല്ലകാലം
പുഞ്ചിരി തൂകുന്ന നല്ലകാലം
സൗഹൃദമായി നാം പാടിയകാലം
തിരികെ വരാത്തൊരു സുവർണ്ണകാലം
പുകയിലയെന്ന പേമാരി വന്നകാലം
സങ്കടക്കണ്ണീരു പെയ്ത കാലം
ലഹരിയിൽ മുങ്ങിയ ശകുനകാലം
തിരികെ പോവാൻ മടിക്കും കാലം
പൂക്കളിൽ നീന്തിയ വസന്തകാലം
പിന്നെയെങ്ങൊ മാഞ്ഞുപോയ നല്ലകാലം
പുകയിൽ നീന്തി തുടിച്ചകാലം
ഇലകളെ പോലെ കൊഴിഞ്ഞ മുടിയിഴകൾ
മാഞ്ഞുപോയാ ഇളം പുഞ്ചിരികൾ
ചോരയിൽ പൊതിഞ്ഞ ഹൃദയം
അർബുദം ബാധിച്ച നശിച്ചക്കാലം
അതിജീവനത്തിന്റെ സുവർണ്ണകാലം
പുകയില എന്ന ലഹരിയിൽ നിന്ന്
വായനഎന്ന ലഹരിയിൽ കാലുവെയ്ക്കാം
നിർത്താം നമുക്കീ പുകയിലകൾ
ശ്വസിക്കാം ശുദ്ധമായ ജീവവായു...



## മുഖവരി

ഡോ. സതീശൻ ബി
ഡയറക്ടർ, മലബാർ കാൻസർ സെന്റർ
(പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്)

**ലോ**കമെമ്പാടുമുള്ള പൊതുജന ആരോഗ്യ പ്രവർത്തകർ, പൊതുസമൂഹവുമായി ചേർന്ന്, ലോകാരോഗ്യ സംഘടനയുടെ ആഹ്വാനമനുസരിച്ച് മെയ് 31-ാം തിയ്യതി ലോകപുകയില വിരുദ്ധദിനമായി ആചരിക്കുകയാണ്. ഈ വർഷത്തെ ദിനാചരണത്തിന്റെ ലക്ഷ്യം പുകയില വ്യവസായത്തിന്റെ തന്ത്രങ്ങൾ തുറന്നുകാട്ടുക എന്നതാണ് യുവജനങ്ങളെ പുകയില ഉൽപ്പന്നങ്ങളിലേയ്ക്ക് ആകൃഷ്ടരാക്കാൻ നിരവധി തന്ത്രങ്ങളാണ് ഈ കമ്പനികൾ ആവിഷ്ക്കരിച്ച് നടത്തിവരുന്നത്. ഈ തന്ത്രങ്ങൾ തുറന്നുകാട്ടുക വഴി പുതിയ ഉപഭോക്താക്കളെ സ്വന്തമാക്കാനുള്ള കമ്പനികളുടെ ശ്രമങ്ങൾക്ക് ഒരു പരിധിവരെ തടയിടാനാവും. പുകയില ഉൽപ്പന്നങ്ങളെ കൂടുതൽ ആകർഷകമാക്കുന്ന സുഗന്ധദ്രവ്യങ്ങൾ അടക്കമുള്ള വസ്തുക്കളുടെ ഉപയോഗം നിരോധിക്കുക എന്നതടക്കമുമുള്ള നയപരമായ മാറ്റങ്ങൾക്ക് വേണ്ടി ദൃഢമായി നിലനിൽക്കുന്നതിനും ഈ ദിനാചരണം ശക്തി പകരും.

ആഗോളതലത്തിൽ പുകയില ഉൽപ്പന്ന കമ്പനികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്നത് ഉപഭോക്താക്കളുടെ എണ്ണം നിലനിർത്തുക എന്നതാണ്. എന്നാൽ പ്രധാനമായും രണ്ട് കാരണങ്ങളാൽ ഉപഭോക്താക്കളുടെ എണ്ണത്തിൽ കുറവ് വരുന്നു. ഒന്നാമത് സ്ഥിരമായ ഉപയോഗം മൂലം ഉണ്ടാകുന്ന രോഗങ്ങളാൽ പകുതിയിലധികം ഉപഭോക്താക്കളും മരണപ്പെടുന്നു. രണ്ടാമത് ഊർജ്ജിതമായ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി ചില ഉപഭോക്താക്കൾ ഈ ശീലം ഉപേക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ കമ്പനികളുടെ നിലനിൽപ്പിനായി വളരെ തീവ്രമായ പ്രവർത്തനങ്ങൾ നടത്തി പുതിയ ഉപഭോക്താക്കളെ കണ്ടെത്തേണ്ടതുണ്ട്. അതിനായി നിരവധി തന്ത്രങ്ങളാണ് ഈ കമ്പനികൾ ഉപുയോഗിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടത് സുഗന്ധദ്രവ്യങ്ങളും മറ്റ് വസ്തുക്കളും കൂടുതലായി പുകയില ഉൽപ്പന്നങ്ങളിൽ ഉൾപ്പെടുത്തുക എന്നതാണ്. ഇത് വഴി ഉൽപ്പന്നത്തിൽ അടങ്ങിയിരിക്കുന്ന പുകയിലയുടെ കാഠിന്യം മറയ്ക്കപ്പെടുകയും അതിന്റെ ആകർഷകത്വവും രുചിയും വർദ്ധിക്കുകയും ചെയ്യും. രണ്ടാമത്തെ തന്ത്രം എന്നത് വളരെ ആകർഷകമായ ഡിസൈനുകളും പാക്കിംഗ് കവറുകളും ഉപയോഗിക്കുക, കൂടാതെ സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള മഹത്വവൽക്കരിക്കലും ഈ തന്ത്രത്തിന്റെ ഭാഗമാണ്. കുട്ടികളെയും കൗമാരക്കാരെയും ആകർഷിക്കുന്നതിന്റെ ഭാഗമായി കളിപ്പാട്ടങ്ങളുടെയും മധുരപലഹാരങ്ങളുടെയും രൂപത്തിൽ പുകയില ഉൽപ്പന്നങ്ങൾ തയ്യാറാക്കുക എന്ന വഞ്ചനാപരമായ തന്ത്രവും പുകയില കമ്പനികൾ പ്രയോഗിക്കുന്നുണ്ട് എന്നറിയുമ്പോഴാണ് ഈ നീരാളി പിടുത്തത്തിന്റെ ആഴവും പരപ്പും നമ്മെ അത്ഭുതപ്പെടുത്തുക.

ഇ-സിഗരറ്റുകളുടെയും വെക്കുന്ന പുകയില ഉൽപ്പന്നങ്ങളുടെയും ഉപയോഗം കുട്ടികൾക്കിടയിൽ കൂടിവരുന്നതായി ലോകത്തിന്റെ പലകോണുകളിൽ നിന്നും പഠനങ്ങൾ പുറത്തുവരുന്നു. 2022ൽ യൂറോപ്പിൽ കൗമാരക്കാരിൽ 12.5% ഇ സിഗരറ്റുകൾ ഉപയോഗിച്ചു. എന്നാൽ മുതിർന്നവരിൽ അത് വെറും 2% മാത്രമാണ്. പുകയില കമ്പനികളുടെ തന്ത്രങ്ങൾ പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗ മുൻഗണനകളിൽ ഒരു തലമുറമാറ്റത്തിനുകൂടി ഇടയാക്കുന്നു എന്ന് ഈ കണക്കുകളിൽ സുവ്യക്തമാണ്.


മാറുന്ന കാലത്തിൽ, പുതിയ തന്ത്രങ്ങളുമായി നമ്മുടെ കുട്ടികളെയും കൗമാരക്കാരെയും സ്വാധീനിക്കാൻ പുകയില കമ്പനികൾ എത്തുമ്പോൾ സവിശേഷ ജാഗ്രതയോടെ നാം ഉണർന്നിരിക്കേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങൾക്ക് തുടക്കമിടാൻ ഈ ദിനാചരണത്തിലൂടെ നമുക്ക് സാധിക്കണം.


നേതിയുടെ പിന്നണിയിൽ

ചീഫ് എഡിറ്റർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ

പത്രാധിപസമിതി

ശ്രീ. പ്രദീപ് ടി.സി
ഡോ. ഫിൻസ് എം. ഫിലിപ്പ്
ഡോ. എ.പി.നീതു
ഡോ. വി.രാമചന്ദ്രൻ
മേജർ പി. ഗോവിന്ദൻ
ശ്രീ. ചാലക്കര പുരുഷു
ശ്രീ. ദയാനന്ദൻ മാസ്റ്റർ




നേതി വാർത്താ പത്രികയുടെ 21–ാം ലക്കം മാഹി നവോദയാ വിദ്യാലയത്തിൽ വെച്ച് നടന്ന പരിപാടിയിൽ മാഹി മുൻ എം.എൽ.എ ഡോ: വി.രാമചന്ദ്രൻ സ്കൂൾ പ്രിൻസിപ്പാൾ ഡോ. കെ.ഒ.രത്നാകരന് നൽകി പ്രകാശനം ചെയ്തു. വൈസ് പ്രിൻസിപ്പാൾ ഡോ: കെ. സജീവൻ, ശ്രീ. ജിതിൻ കെ.പി, ശ്രീ. ചാലക്കര പുരുഷു, ശ്രീ. പ്രദീപ് ടി.സി., ഡോ. നീതു എ.പി., ഡോ: ഫിൻസ് എം ഫിലിപ്പ്, ശ്രീമതി ഇഷ്റത്ത് ഫാത്തിമ എന്നിവർ സന്നിഹിതരായിരുന്നു.

## 'മഴ' പെയ്യാതിരിക്കാൻ

ഡോ. നീതു എ.പി
മലബാർ കാൻസർ സെന്റർ
(പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ച്)

മലയോര മേഖലയിലെ ആളുകൾക്ക് നേരത്തെ അർബുദം നിർണ്ണയിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് പ്രാരംഭ അർബുദ നിർണ്ണയ ക്ലിനിക്കുകൾ ഉള്ള അസോസിയേറ്റ് സെന്ററുകൾ 4 സ്ഥലങ്ങളിൽ എംസിസി PGIOSR നടത്തിവരുന്നു. ഞാനും ഫിൻസ് ഡോക്ടറും അവിടെ രോഗികളെ പരിശോധിക്കാൻ നിശ്ചിത ദിവസങ്ങളിൽ പോകാറുണ്ട്. അന്ന് പരിശോധനയ്ക്കായ് വന്ന അദ്ദേഹമാണ് ഈ കഥക്ക് ആധാരം.

വായിലെ ചില ബുദ്ധിമുട്ടുകൾ പറയാനാണ് അദ്ദേഹം വന്നത്.

'എനിക്ക് 8 മാസം മുമ്പ് വായിൽ ചെറിയൊരു നിറം മാറ്റവും തടിപ്പും. ടൗണിലെ ആശുപത്രിയിൽ കാണിച്ചു. കഷണമെടുത്തു (ബയോപ്സി) പരിശോധിക്കണമെന്ന് ഡോക്ടർ പറഞ്ഞു.

'അതിനിടയിൽ ഞാനൊന്ന് ചോദിക്കട്ടെ?' ഞാൻ ഇടങ്കോലിട്ടു. 'പുകവലി, മുറുക്ക്, മദ്യപാനം അങ്ങനെവല്ലതും...?
'ആ ഉണ്ട്. പുകവലിയുണ്ട്. മദ്യപാനം വല്ലപ്പോഴുമേ ഉള്ളൂ'
'ഇനി പറയൂ, ബയോപ്സി ചെയ്തോ'?
'ആ ചെയ്തു'
'റിപ്പോർട്ട് കൊണ്ടുവന്നിട്ടുണ്ടോ? ഡോക്ടർ എന്ത് പറഞ്ഞു?'

'ഡോക്ടർ പറഞ്ഞു. കാർമേഘമുണ്ട്. മഴ പെയ്യാതിരിക്കാനും സാധ്യതയുണ്ടെന്ന്.' വളരെ ലാഘവത്തോടെ അദ്ദേഹം പറഞ്ഞ ഉത്തരം എന്നെ ഞെട്ടിച്ചു. 'മഴയോ' എന്റെ ചോദ്യവും മഴയും തമ്മിലെന്താണ് ബന്ധം? എനിക്ക് ഒരു പിടിയും കിട്ടിയില്ല. എന്റെ ഭാവഭേദങ്ങൾ മറച്ചുപിടിച്ചുകൊണ്ട് ഞാൻ റിപ്പോർട്ട് വാങ്ങിച്ചു നോക്കി.

റിപ്പോർട്ടിൽ എഴുതിയിരിക്കുന്നു 'Leukoplakia'. എനിക്ക് എല്ലാം മനസ്സിലായി "Leukoplakia'ക്ക് ഇത്രയും മനോഹരമായ ഒരു വിശദീകരണം ഞാനിതുവരെ കേട്ടിട്ടില്ല.

കൂട്ടുകാർക്ക് വല്ലതും മനസ്സിലായോ?

'Leukoplakia' വായിലെ അർബുദത്തിന് മുന്നോടിയായി വരുന്ന മാറ്റം ആണ്. 'Leukoplakia' കാൻസർ ആയി പരിണമിക്കാൻ വളരെ സാധ്യതയുള്ളതാണ്. എന്നാൽ നമ്മുടെ ശീലങ്ങൾ നിർത്തിയാൽ കാൻസർ ആയി മാറുന്നത് തടയാനും സാധിക്കും. അതായത് അദ്ദേഹം പരാമർശിച്ച കാർമേഘം 'Leukoplakia' ആണ്. 'മഴ' കാൻസറും.

അപ്പോൾ മഴ പെയ്യാതിരിക്കാൻ എന്ത് ചെയ്യണം? പുകയില ശീലങ്ങൾ ഉപേക്ഷിച്ച് വായിലെ കോശങ്ങളുടെ ആരോഗ്യം വർദ്ധിപ്പിക്കണം. അതിന് എന്താണ് ചെയ്യേണ്ടത്? എംസിസിയിലെ പുകയില വർജ്ജനക്ലിനിക്ക് സന്ദർശിക്കണം. അവിടെ പുകയില ഉൽപ്പന്നങ്ങളായ പുകവലി, വെറ്റില മുറുക്ക്, ഹാൻസ്, പാൻപരാഗ് തുടങ്ങിയവയുടെ ഉപയോഗം നിർത്തലാക്കുന്നതിനുള്ള വൈദ്യസഹായം ലഭ്യമാണ്. എല്ലാ ബുധനാഴ്ചകളിലും 9 മണി മുതൽ 5 മണിവരെ ക്ലിനിക്ക് പ്രവർത്തിക്കും. നിങ്ങളുടെ പ്രിയപ്പെട്ടവർക്കാർക്കെങ്കിലും 'മഴ പെയ്യരുത്' എന്ന് നിങ്ങളാഗ്രഹിക്കുന്നെങ്കിൽ പുകയിലവർജ്ജന ക്ലിനിക്കിലേക്ക് പറഞ്ഞയ്ക്കാം.

## ഉയർന്നു പാറീടാം

സാന്ദ്ര പി.എസ്
VII A, JNV Mahe

അമൃത് ശ്വസിക്കാൻ ലോകം നിറയെ
നന്മമരങ്ങൾ ഉള്ളപ്പോൾ,
എന്തിനു പുകയില ശ്വസിച്ചു നമ്മൾ
ജീവിതം നാശമാക്കുന്നു.
അപകടമാണെന്നറിയാതെ വീണ്ടും
ലഹരി വലിക്കുമ്പോൾ
താനെചിറകുകൾ അണയുന്നു.
ഭൂമി തിളച്ചു മറിയുന്നു.
ചിറകുവിടർത്തി പാറി നടക്കാൻ
ഇനിയൊരു ചിറകുമുളയ്ക്കില്ല.
കാലനൊരുക്കിയ കെണിയിൽ ഇന്നിതാ.
പലരും വീണു കിടക്കുന്നേ...
കാലം മാറും തോറും മനുഷ്യൻ
ലഹരിയിൽ അകപ്പെടുന്നുവോ!
കുട്ടികാലം സ്കൂളുകളിൽ കളിച്ചു–
നടക്കാൻ നിന്നിതനുവദിക്കാത്തൊരു –
കാലന്മാർ പുറകെ ചൂളമടിച്ചു നടപ്പുണ്ടേ....
മിഠായികളിലും അങ്ങനെ പലതിലും
ലഹരിയെ കലർത്തി കൂട്ടുന്നേ...!
ശ്വാസം മുട്ടി ഭൂമിയുടെ മരണം
മുന്നിൽ കാണുന്നേ!
നിർത്താം പുകയില ഇന്നുമുതൽ
ജീവിതത്തിൽ ഉയർന്നുയർന്ന് പാറീടാം..!



നിഹാര വി.ആർ. VIII-A, JNV Mahe

# നാണയത്തിന്റെ ഇരുവശങ്ങൾ

സായൂജ്, JNV Mahe

തണുപ്പ് തങ്ങി നിൽക്കുന്ന പ്രഭാതം. അവൻ മെല്ലെ തന്റെ കണ്ണുകൾ തുറന്നു. ആശുപത്രി മുറിയുടെ ഗന്ധം അവന്റെ മൂക്കത്ത് തളം കെട്ടി. ഹോസ്പിറ്റൽ ബെഡ്ഡിൽ നിന്ന് അവൻ പതുക്കെ എഴുന്നേൽക്കാൻ ശ്രമിച്ചു. 'വയ്യ! തന്റെ രോഗം മൂർച്ചിരിക്കുന്നു' അവൻ മനസ്സിൽ പറഞ്ഞു. ഇരുപത്തി ഒമ്പതാം വയസ്സിൽ അർബുദം ബാധിച്ച ഇമ്മാനുവൽ തന്റെ മുപ്പത്തി ഒന്നാം വയസ്സിലും അർബുദത്തോട് പൊരുതുകയാണ്. ഇന്ന് പക്ഷെ അവന്റെ ജീവിതത്തിലെ ഒരു പ്രധാന ദിവസമാണ്. എന്തെന്നാൽ അർബുദം ബാധിക്കപ്പെട്ട അവന്റെ വായ ഇന്ന് ശസ്ത്രക്രിയയ്ക്ക് വിധേയമാകുകയാണ്. അതിനാൽ അവൻ പതിയെ അവന്റെ കാലുകളിൽ നിൽക്കാൻ ശ്രമിച്ചു. പക്ഷ ആ പരിശ്രമം ഫലം കണ്ടില്ല. കഴിഞ്ഞ രണ്ട് കൊല്ലമായ് താൻ അനുഭവിക്കാനിടയായ നരകയാതനയുടെ പാടെന്ന വണ്ണം അവന്റെ തല നഗ്നമായിരുന്നു. അവന്റെ മുഖമാകട്ടെ വികൃതവും ശോചനീയവുമായിരുന്നു. കീമോചെയ്തു തളർന്ന അവന്റെ ശരീരം പെട്ടെന്ന് വീശിയ ഒരു മന്ദമാരുതന്റെ യാത്രയിൽ വിറങ്ങലിച്ചു. സാമ്പത്തികമായ് പി ന്നോക്കം നിൽക്കുന്ന ഒരു കുടുംബത്തിലെ ഏകസന്തതിയാണ് ഇമ്മാനുവൽ. അവന് ചികിത്സ നടത്തുവാൻ അവന്റെ കുടുംബം നെട്ടോട്ടമോടുന്ന കാര്യം അവനെ വിഷാദത്തിലേക്ക് നയിച്ചിരുന്നു. അതിനാലാണ് വീട്ടുകാരുടെ എതിർപ്പ് മാനിക്കാതെ അവൻ ഈ ശസ്ത്രക്രിയയ്ക്ക് സമ്മതം മൂളിയത്. അവൻ വിധേയനാകാൻ പോകുന്ന ശസ്ത്രക്രിയ വളരെ അപകടകരമായതിനാൽ മികച്ച ആശുപത്രികളിലെ ഡോക്ടർമാരാണ് വരാൻ പോകുന്നത്.

'ഓ താൻ എഴുന്നേറ്റോ' ആശുപത്രി നേഴ്സായ രാധിക അവനോട് ചോദിച്ചു. 'എഴുന്നേൽക്കാതെ പറ്റുമോ, എനിക്കിരിക്കപ്പൊറുതി കിട്ടുന്നില്ല. ശസ്ത്രക്രിയയടുക്കുന്തോറും എന്റെ നെഞ്ചിടിക്കുകയാണ് അവൻ പറഞ്ഞു. താൻ പേടിക്കേണ്ട.. തന്റെ ശസ്ത്രക്രിയ നടത്താൻ എത്തിയിരിക്കുന്നത് നാട്ടിലെ പ്രസിദ്ധരായ ഡോക്ടർമാരാ. അവരുടെ തലവനോ വൈദ്യശാസ്ത്രത്തിൽ മേധാവിത്തം തെളിയിച്ച മിഖായേൽ സാറാണ്. അദ്ദേഹം നടത്തിയ ശസ്ത്രക്രിയകളിൽ നൂറിലൊന്ന് പാളിയാലെ ഉള്ളൂ. രാധിക അവനെ സമാധാനിപ്പിച്ചു. പുറത്ത് ഭാവമാറ്റം വരുത്താതെ അവൻ പതിയെ പറഞ്ഞു. 'ആ ഒന്ന് ഞാനായാലോ' ഇരുവരും പെട്ടെന്ന് നിശബ്ദതയിലായി. ആ നിശബ്ധത കീറിമുറിച്ചുകൊണ്ട് ഒരു ഹോൺ ശബ്ദിക്കപ്പെട്ടു. അത് മിഖായേൽ സാറാവും. ശാസ്ത്രക്രിയയ്ക്ക് മുമ്പ് രോഗിയെ കണ്ട് ആശ്വസിപ്പിക്കുന്നത് സാറിന് ശീലമാണ്. താൻ റെഡിയാവ് അദ്ദേഹമിപ്പോഴെത്തും. അതു പറഞ്ഞ് രാധിക നടന്നുനീങ്ങി. നിമിഷങ്ങൾ കടന്നുപോയി. ടെൻഷനടിച്ചിരിക്കുന്ന ഇമ്മാനുവൽ വാതിലിലേക്ക് നോക്കിയിരിക്കെ ഒരു പരിചയമുള്ള മുഖം പ്രത്യേക്ഷപ്പെട്ടതവൻ കണ്ടു. വന്നത് മിഖായേലായിരുന്നു. അദ്ദേഹവും താൻ ചികിത്സിക്കാൻ പോകുന്ന രോഗിയെ കണ്ട് അമ്പരന്ന് പോയി. രോഗം ഇമ്മാനുവലിലേൽപ്പിച്ച വ്രണങ്ങൾ മിഖായേലിന് ഇമ്മാനുവലിനെ തിരിച്ചറിയുന്നതിനൊരു തടസ്സമായില്ല. ഇരുവരും പരസ്പരം തുറിച്ചുനോക്കി. ഇരുവരുടെയും മുന്നിലൂടെ സിനിമയിലെന്ന പോലെ പലതും കടന്നുപോയി. 4 വർഷങ്ങൾക്ക് മുമ്പ് ഇമ്മാനുവൽ തന്റെ കോളേജ് ജീവിതത്തിലൂടെ കടന്നുപോകുന്നു. അവന്റെയൊന്നിച്ച് തോളോട് തോള് ചേർന്ന് വേറൊരു കുട്ടി 'മിഖായേൽ'. അതെ അവർ സുഹൃത്തുക്കളായിരുന്നു. പാശ്ചാത്യ ഭാഷയിൽ പറഞ്ഞൽ 'ബെസ്റ്റ് ഫ്രണ്ട്സ്' അല്ലെങ്കിൽ ഉറ്റമിത്രങ്ങൾ, പ്രണയത്തിന്റെയും, ചോരത്തിളപ്പിന്റെയും കാലമായിരുന്നു അത്. ഇരുവർക്കും യൗവ്വനത്തിന്റെ എടുത്തുചാട്ടമുണ്ടെങ്കിലും ഇമ്മാനുവലിന് കുറച്ചധികമായിരുന്നു. മിഖായേൽ പലതവണ ഇത് പറഞ്ഞെങ്കിലും ഇമ്മാനുവെൽ കാര്യമാക്കിയില്ല. ഇത് അവനെ ചെന്നെത്തിച്ചത് മദ്യപാനികളുടെയും പുകവലിക്കാരുടെയും, അല്ലെങ്കിൽ മദ്യത്തിന്റെയും പുകവലിയുടെയും അരികത്തേക്കായിരുന്നു. മിഖായേലിതറിഞ്ഞാൽ പ്രശ്നമാകുമെന്നറിയാവുന്നത് കൊണ്ട് അവൻ ഇത് എല്ലാവരിലും നിന്നും മറച്ചുവെച്ചു. എന്നാൽ ഇമ്മാനുവേലിന് സ്വഭാവത്തിൽ വന്ന മാറ്റങ്ങളും അവന്റെ വീട്ടിലെ പണം കാണാതാകുന്ന കാര്യവുമറിഞ്ഞ മിഖായേൽ ഇമ്മാനുവലിനെ സംശയിച്ചു. പക്ഷേ തെളിവില്ലാതെ മറ്റൊരാളോടത് പറയാൻ തയ്യാറായില്ല. പതിവുപോലെ ഇമ്മാനുവെൽ തന്റെ കച്ചറ കൂട്ടുകാരുമായ് പരിപാടി കഴിഞ്ഞ് വരവെ തെളിവുസഹിതം മിഖായേലവനെ പിടികൂടി. ചൂടുള്ള ഒരു കൈപ്പത്തി ഇമ്മാനുവലിന്റെ മുഖത്തെ ആലിംഗനം ചെയ്തു. പെട്ടെന്നുണ്ടായ ഒരു ആക്രമണത്തിലവൻ നടുങ്ങി. തന്റെ കയ്യിലെ കുപ്പി എടുത്ത് ഓങ്ങിയെങ്കിലും മിഖായേലിന്റെ മുഖം അവന്റെ കള്ളിന്റെ ലഹരിയെ ആവിയാക്കി. എന്തു ചെയ്യണമെന്നറിയാതെ ഇരുവരും നിന്നു. അവർക്ക് കൂട്ടായ് ആകാശവും കരഞ്ഞു. 'നിനക്കിത് ചെയ്യുമ്പോൾ അറിയില്ലെ നീ നിന്നെത്തന്നെ കൊല്ലുന്നതെന്ന് മിഖായേൽ ചോദിച്ചു. 'ഡാ മണ്ടാ അതൊക്കെ വെറും മണ്ടന്മാരുടെ വിശ്വാസങ്ങളാ, പാവപ്പെട്ടവൻ പുകവലിയുടെ ഹരമറിയാതെ നിൽക്കാൻ പണക്കാർ പറഞ്ഞു പടർത്തുന്ന അപവാദങ്ങളാണവ. സംശയമുണ്ടെങ്കിൽ നീ നാളെ എന്റെ ഒപ്പം വാ ഞാൻ എന്റെ കൂട്ടുകാരെ കാണിച്ചുതരാം. രാഘവേട്ടനാണ് എന്റെ ഗുരു. അയാളീപ്പണി തുടങ്ങിയിട്ട് വർഷം ഇരുപതാകാറായി. അയാൾക്ക് കുഴപ്പമുള്ളതായ് എനിക്കറിയില്ല. ഇമ്മാനുവെൽ അഭിമാനത്തോടെ പറഞ്ഞു. മിഖായേലത് കാര്യമാക്കിയില്ല. മിഖായേലിന്റെ നിശബ്ദത കണ്ട ഇമ്മാനുവെൽ ഇതാണവസരം എന്ന് കരുതി തന്റെ കൂടെ മിഖായലിനെയും കൂട്ടാൻ ശ്രമിച്ചു. പക്ഷെ ബുദ്ധിമാനും പ്രായോഗിക ചിന്താഗതിക്കാരനുമായ മിഖായേൽ ആ ക്ഷണം നിരസിച്ചു. വെറും മണിക്കൂറുകൾ ലഭിക്കുന്ന ഹരം കാരണം നിന്റെ ജീവിതം നീ നശിപ്പിക്കുകയാണ്. നീയതറിയുന്നില്ല. മിഖായേൽ പറഞ്ഞു. എന്നാൽ കറുപ്പിന്റെ ലഹരി നാഡികൾക്ക് പിടിച്ച ഇമ്മാനുവലിന് ഇത് രോമത്തിൽ പോലും തട്ടിയില്ല. തന്റെ പോക്കറ്റിലിരിക്കുന്ന പാൻ മസാല എടുത്ത് അവൻ വായിൽ തള്ളി. ലഹരിയിലായതിനാലായിരിക്കണം ഇമ്മാനുവേൽ ബാക്കിവന്ന പാൻമസാല മിഖായേലിന്റെ വായിൽ ബലം പ്രയോഗിച്ച ഇടാൻ ശ്രമിച്ചു. ഇത് ഒരു കൈയ്യാങ്കളിയിലേക്ക് നീങ്ങി. ചെറുപ്പം തൊട്ട് കൂട്ടായ് നടന്ന ഉറ്റമിത്രങ്ങളിതാ പുകവലിയുടെയും മയക്കുമരുന്നിന്റെയും പേരിൽ പരസ്പരം തർക്കിക്കുന്നു. മദ്യത്തിന്റെ ലഹരിയിൽ ഇമ്മാനുവൽ അക്രമിച്ചപ്പോൾ മിഖായേൽ അത് തടുത്തു. എന്നാൽ കാര്യം കൈവിട്ടു പോകുമെന്ന് മനസ്സിലാക്കിയ മിഖായേൽ ഇമ്മാനുവലിന്റെ കഴുത്തിൽ പിടിമുറുക്കി അവനെ മലർത്തിയിട്ട് പതിയെ ശാന്തനാക്കി. ഇമ്മാനുവൽ സ്വബോധത്തിലേക്ക് തിരിച്ചു വന്നു. പക്ഷേ അവന്റെ കണ്ണുകളിൽ അന്ധകാരം തളംക്കെട്ടുകയായിരുന്നു. തന്റെ ബോധം മുഴുവനായും നഷ്ടപ്പെടുന്നതിന് മുമ്പ് അവൻ തന്റെ മിത്രം അവസാനമായ് പറഞ്ഞ വാക്കുകൾ കേട്ടു. 'നീ ഇപ്പോൾ പോകുന്നത് നല്ലതിലേക്കല്ല, ഞാൻ പറയേണ്ടത് പറയാൻ ശ്രമിച്ചു. കാരണം ഞാൻ നിന്റെ കൂട്ടുകാരനാണ്. പക്ഷേ, ഇപ്പോൾ എനിക്ക് മനസ്സിലായി അങ്കണവാടിയിൽ എന്റൊപ്പം തോളോട് തോൾ ചേർന്ന് നടന്ന ഇമ്മാനുവൽ അല്ല നീ എന്ന്. നീ മാറിപ്പോയി. തിരിച്ചുവരവ് നിനക്ക് അസാധ്യം, ഇനി എനിക്കൊന്നും പറയാനില്ല. അവിവേകം കാണിക്കുമ്പോൾ നിന്റെ അമ്മയും അച്ഛനെയും പറ്റി ആലോചിക്കൂ. നീ ഒരു മകനാണ്. നീ നശിച്ചാൽ നിന്റെ കുടുംബം തകരും. പരസ്പരം നശിക്കും. തീരുമാനം നിനക്കെടുക്കാം. ഇനി മുതൽ ഞാൻ നിന്നെ പഴിക്കാൻ വരില്ല. എന്നാൽ ഞാൻ ഒരു കാര്യം ഉറപ്പ് തരാം. നീ ചെയ്യുന്ന ഈ 'ചീത്ത ശീലങ്ങൾ അർബുദത്തിന് കാരണമാകുന്നു. എന്നാൽ നല്ല ശീലങ്ങൾ അർബുദത്തെ തടയും. അതിന് ശേഷം അവർ നേരിൽ കണ്ടില്ല. അന്ന് ഇമ്മാനുവൽ കണ്ണു തുറന്നത് തന്റെ വീട്ടിലായിരുന്നു. അവന്റെ അമ്മ അവനോട് മിഖായേൽ നാട്ടിൽ നിന്ന് പോകുന്ന കാര്യം അറിയിച്ചു. അവൻ തലയാട്ടി. പുകവലിക്കും മയക്കുമരുന്നിനും മനുഷ്യജീവിതത്തിൽ ചെലുത്താൻ കഴിയുന്ന സ്വാധീനം മനസ്സിലാക്കിയതിനാൽ മിഖായേൽ അവയ്ക്ക് പിന്നാലെ പോയില്ല പകരം പച്ചക്കറികൾ കഴിച്ച് ശരീരം പുഷ്ടിപ്പെടുത്തി. ശരീരത്തെ സ്നേഹിച്ച് യോഗ അഭ്യസിച്ച് പഠിച്ച് അവൻ വളർന്നു. അവന്റെ ജീവിത ശൈലിയുടെ ഫലമാകാം ഒരു പനിപോലും അവന് പിന്നെ ബാധിച്ചിട്ടില്ല. എന്തിനേറെ പറയണം. സ്മാർട്ട് ഫോൺ ഉപയോഗം പോലും അവൻ കുറച്ചു. അതിന് ശേഷം ഇരുവരും നേരിട്ട് കാണുന്നത് ഇപ്പോഴാണ്. ഈ ആശുപത്രി മുറിയിൽ എന്നാൽ ഈ കൂടിക്കാഴ്ച വേദനാജനകമായിരുന്നു. കുട്ടികാലത്ത് ഒരുമിച്ച് നടന്ന, വസ്ത്രങ്ങൾ ഒരേ പോലെ ധരിച്ചുനടന്ന അതേ വ്യക്തികൾ ഇതാ ഒരു നാണയത്തിന്റെ രണ്ടു ഭാഗങ്ങളെന്നപോലെ, ഒരുവൻ ആശുപത്രി കിടക്കയിൽ ഒരു മാറാരോഗവുമായ്. മറ്റവനോ കോട്ടിനുള്ളിൽ കരങ്ങളിൽ ജീവിതം അവരിരുവരെയും എത്തിച്ച സന്ദർഭമാലോചിച്ചു. ഇരുവരും കാര്യങ്ങൾ ചോദിച്ചറിഞ്ഞ രാധിക ഇരുവരെയും പോലെ അമ്പരന്നിരുന്നു പോയി. ജീവിതശൈലിയും ശീലങ്ങളും നമ്മൾ വിചാരിക്കുന്നതുപോലെ നിസ്സാരമല്ലെന്നും അവയ്ക്ക് ജീവിതത്തിൽ ചെലുത്താൻ പറ്റുന്ന സ്വാധീനവും അവൾ മനസ്സിലാക്കി. ശസ്ത്രക്രിയ തുടങ്ങാൻ ഇനി സെക്കന്റുകൾ ബാക്കി. അനസ്തേഷ്യ തന്നെ മയക്കത്തിലേക്ക് നയിക്കുന്നതായ് ഇമ്മാനുവെൽ മനസ്സിലാക്കി. മയങ്ങുന്നതിന് മുമ്പ് തന്റെ ഉറ്റകൂട്ടുകാരന്റെ കണ്ണിലേക്ക് നോക്കിയപ്പോൾ അവന് നടന്ന കാര്യങ്ങൾ ഓർമ്മ വന്നു.

മിഖയേൽ അന്ന് പറഞ്ഞ കാര്യങ്ങൾ ഒരു പ്രകമ്പനം പോലെ അവന്റെ കാതുകളിൽ മുഴങ്ങി. അസ്തേഷ്യയുടെ മയക്കത്തിൽ പകുതി ബോധമില്ലാതെ തന്റെ കൂട്ടുകാരനെ നോക്കി അവൻ മൊഴിഞ്ഞു. 'ചീത്ത ശീലങ്ങൾ അർബുദത്തിന് കാരണമാകുന്നു. എന്നാൽ നല്ല ശീലങ്ങൾ അർബുദത്തെ തടയും. പതിയെ അവന്റെ കണ്ണുകളടഞ്ഞു. ആരുമറിഞ്ഞിരുന്നില്ല അവന്റെ കണ്ണുകൾ ഇനി തുറക്കില്ലെന്ന്. മിഖായേലിന്റെ കണ്ണിൽ നിന്നും വെള്ളം ഇറ്റു വീണു. ഇമ്മാനുവലിന്റെ ജീവനറ്റ ശരീരം നോക്കി അവൻ വിതുമ്പി. അവസാനം അർബുദം ജയിച്ചു. ഇമ്മാനുവൽ മരിച്ചു. അല്ല ചീത്തശീലങ്ങൾ അവനെ കൊന്നു.

●



## ശ്വസിക്കുന്നു ഞാനും ജീവിതം

മാലിനി കെ.എ., XI, JNV Mahe

ദൈനം ദിനാചരണങ്ങളായോ
നിൻ ജീവിതത്തിൽ
ഒഴിച്ചുകൂടാത്തവയായോ ഇവ?
ഒരു തുള്ളി മദ്യത്തിന്റെ ഗന്ധം
ജീവിതത്തിന്റെ സുഗന്ധമായോ?
പനിച്ചു കിടക്കും നേരം അമ്മ
ചൂടാക്കിതരും ആവിക്കു–
പുകയിലയുടെ സുഗന്ധമോ?
സ്നേഹിക്കുന്നവർക്കുപഹാരമായി
പൊള്ളും സിഗരറ്റ് കുറ്റികളോ...?
പനിനീർ ഇതളുകളാം ചുണ്ടുകളിൽ
അന്ധകാരം നിറഞ്ഞിതങ്ങനെയോ?
ദുഃഖങ്ങൾക്കിടയിൽ ആനന്ദിക്കാനോ
അതോ ആനന്ദങ്ങൾക്ക് അന്തം കുറിച്ചിടാനോ?
പണി കഴിഞ്ഞുവരുംനേരം
സ്നേഹ അത്താഴം ഒരിക്കിയവർക്ക്
മറുപടി പൊതിരേതല്ലോ...?
നിൻ വരവ് കാത്തിരിക്കും കുഞ്ഞോമനയ്ക്ക്
തീരാദുഃഖത്തിന് കൈപ്പുനീരോ?
സ്നേഹിക്കാൻ മാത്രം അറിയുവോർക്ക്
നിൻ കരാളമാംവദനം പേടിതൻ സ്വപ്നമോ?
കൊതിക്കുന്നു നീയും
ഭൂതകാലത്തിലേക്ക് ഒരു തിരിച്ചുവരവിനായ്
പിഞ്ചോമനയെ മടിയിലിരുത്തിയിടാൻ
പ്രിയപ്പെട്ടവളെ മാറോട് ചേർത്തീടാൻ
ദുർഗന്ധകരമായ ജീവിതം
സുഗന്ധത്താൽ നിറയുന്നോ?
നിൻ മനംമാറ്റം നിൻ അയൽക്കാരനിലും
പടരുന്നോ?
വ്യഥാവ്യഥമായിരുന്ന ജീവിതം
പൂത്തുതളിർക്കുന്നോ...?
അറിയില്ല എന്തെന്ന്...
എന്നാൽ...
ശ്വസിക്കുന്നു... ഞാനും ജീവിതം



ശ്രീനന്ദ ബിജു, XI, JNV Mahe

## എന്നിട്ടും....

അദ്വിക് രാജ് എ , XI, JNV Mahe



പുകവലിച്ചു കൊണ്ട് ബെന്നി ആ കെട്ടിടത്തിലേക്ക് പ്രവേശിച്ചു. ചുറ്റും നിശബ്ദത. നൂറോളം വൃദ്ധരോഗികൾ. ആരും ഒന്നും സംസാരിക്കുക പോലും ചെയ്യുന്നില്ല. അവിടെയുള്ള ഒരു നേഴ്സിനോട് കാര്യം ആരാഞ്ഞ ബെന്നി പകച്ചുപോയി. മരണത്തെ മുന്നിൽ കണ്ട് മിനിറ്റുകൾ തള്ളി വിടുന്ന അവരോട് സംസാരിക്കാനോ വികാരങ്ങൾ പ്രകടിപ്പിക്കാനോ മറന്നുപോയിരുന്നു. ഒരു കാൻസർ സെന്ററായിട്ടുപോലും പുകവലിക്കരുതെന്ന് നിർദ്ദേശിക്കുന്ന ഒരു ബോർഡ് അവിടെ ഇല്ലാത്തത് അവരുടെ പിഴവായി അവന് തോന്നി.. എന്നാൽ പുകവലി തടയാൻ ഒരു ബോർഡിനേക്കാളും നല്ലത് പുകവലി എന്ന കാരണത്താൽ ജീവശവമായി കഴിയുന്ന രോഗികളുടെ ദയനീയാവസ്ഥ കണ്ടാൽ മതിയെന്നവന് തോന്നി. അപ്പോഴെക്കും അവന്റെ ഒരു കുറ്റി തീർന്നിരുന്നു. എന്തോ, വീണ്ടും വലിക്കാനവന് തോന്നിയില്ല. ദിവസവും രാവിലെ മാത്രം അഞ്ച് കുറ്റി വലിക്കുന്ന അവന് ഇതെന്തുപറ്റിയെന്ന് ആലോചിച്ച് അവന്റെ ശരീരം നിശ്വാസപ്പെട്ടിട്ടുണ്ടാവാം. അവൻ രോഗികളുടെ മുറിയിലേക്ക് നടന്നു. ആ കാഴ്ച കണ്ടവൻ ഞെട്ടിപ്പോയി. പത്ത് വയസ്സുള്ള കുട്ടികൾ മുതൽ മരണാസന്നരായി കിടക്കുന്ന വൃദ്ധർവരെ.

അവിടെ ഉണ്ടായിരുന്ന ഒരു മധ്യവയസ്ക്കനടുത്ത് അവൻ നിലയുറപ്പിച്ചു. അദ്ദേഹം ഒരന്യസംസ്ഥാനതൊഴിലാളിയായിരുന്നു. പത്ത് വയസ്സുള്ളപ്പോൾ കേരളത്തിൽ വന്നതായിരുന്നു. ഇവിടെ നിന്നവൻ പുകയിലയും മറ്റ് ലഹരി ഉത്പന്നങ്ങളുടെയെല്ലാം പിടിയിലകപ്പെട്ട് പതിനഞ്ചുവയസ്സാവുമ്പോഴേക്കും ഒരു മാറാരോഗിയായി മാറിയിരുന്നു. കഴിഞ്ഞ 3 വർഷമായി അർബുദത്തിന്റെ കറുത്ത കൈയ്യാണ് അവനെഊട്ടുന്നതും ഉറക്കുന്നതുമെല്ലാം. അദ്ദേഹം വിക്കി വിക്കി അവനോട് ചോദിച്ചു. നിങ്ങൾ എന്തിനിവിടെ വന്നു? അദ്ദേഹത്തിന്റെ സംസാരത്തിന് ചോരയുടെ ഗന്ധം അതവന്റെ നാഡി ഞരമ്പുകളെ തളർത്തി. അവൻ മൂഢനായി. പതുക്കെ അവൻ അയാളോടായി പറഞ്ഞു. എന്റെ പുകവലി മൂലം ഭാര്യയും സുഹൃത്തുക്കളും ഇവിടെ കാണാൻ എന്നെ നിർദ്ദേശിച്ചതാണ്. അദ്ദേഹം വളരെ പ്രയാസപ്പെട്ട് പറഞ്ഞു. 'മകനെപുകവലിക്കുമ്പോൾ പുകവലി നമ്മെ ജീവിതത്തിൽ നിന്ന് പുറകോട്ട് മരണത്തിലേക്കാണ് വലിക്കുന്നത്' ഇതു കേട്ട് സ്തംബന്ധനായി നിന്ന അവന്റെ അതിശയം വർദ്ധിക്കുന്നത് പോലെ അദ്ദേഹം കിടന്ന കിടക്ക നേഴ്സ് മറ്റൊരു മുറിയിലേക്ക് തള്ളി നീക്കി കൊണ്ടുപോയി. എവിടെ കൊണ്ടുപോവുന്നു എന്ന് മനസ്സിലാക്കിയപ്പോൾ അവൻ നിർവികാരനായി നിന്നുപോയി.

അദ്ദേഹം ഒരു മാനസീകരോഗിയായിരുന്നു. മനസ്സ് മടുത്ത് ജീവിക്കുന്ന അദ്ദേഹം പോലും ലോകത്തെ അറിഞ്ഞു ലോകസത്യത്തെ അറിഞ്ഞു. ഇതുവരെ യാതൊരു വിധ ആരോഗ്യപ്രശ്നവുമില്ലാതെ ജീവിക്കുന്ന അവൻ പുകവലിയുടെ തൊട്ടിലിലെ കൈക്കുഞ്ഞായി ജീവിക്കുന്നു. നേരം ഇരുട്ടിയിരുന്നു. അവൻ അവിടെയിരുന്ന ബോർഡ് വായിച്ചു. മലബാർ കാൻസർ സെന്റർ. അവന് അവിടെ ഒരു പുതുജീവൻ തന്ന സ്വർഗ്ഗത്തെ പോലെ തോന്നി. അന്നത്തെ ഇരുളിനും നല്ല പ്രകാശമുള്ളതായി അവനനുഭവപ്പെട്ടു. അവൻ സ്വയം ഒന്ന് നോക്കി. മുടി നരച്ചു തുടങ്ങിയിരുന്നു. അവ ആകൃതിയില്ലാതെ കാടുപിടിച്ചു കിടക്കുന്നു. ചുണ്ടുകൾ കറുത്തു. അവന്റെ സംസാരത്തിലെ പുകയിലയുടെ നാറ്റം അവനെതളർത്തിക്കൊണ്ടവിടമാകം പറന്നു. വീടിപ്പോൾ കാണാം അവൻ നടത്തത്തിന്റെ വേഗം കുറച്ചുകൊണ്ട് കൗതുകത്തോടെ ആലോചിച്ചു. സാധാരണ ഈ സമയത്ത് ഷാപ്പിലായിരിക്കും. അവിടെ ഷിജുവും പ്രിൻസുമെല്ലാം അവനെ കാത്ത് നിൽക്കുന്നുണ്ടാവും. അവൻ വീണ്ടും നടന്നു.

ശേഷം 3ൽ



# കാലം കഥ പറയുമ്പോൾ

SHAHABA SHERIN T M
Std IX, PRMHS

ആ മുറിയിൽ ലഹരിയുടെ ഗന്ധം പരന്നു. മുറിയിലാകെ പുകയും മദ്യത്തിന്റെ കാലികുപ്പികളുമായിരുന്നു. പെട്ടെന്ന് ഒരു കുട്ടി ആ മുറി തുറന്നു. തന്റെ അച്ഛൻ ബോധമില്ലാതെ നിലത്ത് വീണുകിടക്കുന്നതാണ് അവൻ കണ്ടത്. ഇത്രയും കാലം തന്റെ തണലായി ജീവിച്ചിരുന്ന അച്ഛനാണെന്നവന് മനസ്സിലായില്ല. അന്ന് അവന്റെ മനസ്സിൽ ഒരുതരം മരവിപ്പായിരുന്നു. അവൻ തിരികെ തന്റെ വീട്ടിലേക്ക് പോയി. അമ്മ അവന്റെ മുഖം കണ്ട് എന്താണ് കാര്യമെന്ന് ചോദിച്ചു.

'അമ്മേ... അച്ഛൻ പുകവലിക്കുമോ? കള്ളുകുടിക്കുമോ? മകന്റെ ചോദ്യത്തിന് മുമ്പിൽ അമ്മ നിശ്ചലമാവുന്നു. അമ്മയുടെ മറുപടി കേൾക്കാത്തതുകൊണ്ടാവാം അവൻ ദേഷ്യപ്പെട്ട് പുറത്തേക്കിറങ്ങിപ്പോയി. നിന്റെയച്ഛൻ പുകവലിക്കുകയും കള്ളുകുടിക്കുകയും പോരാതെ കഞ്ചാവും പിൻപറ്റുന്നവനാണെന്ന് തന്റെ മകനെ എങ്ങനെ പറഞ്ഞു മനസ്സിലാക്കും എന്ന വെപ്രാളത്തിൽ അവർ നിലത്തേക്കുവീണു. കണ്ണുനീർ യാന്ത്രികമായി ഒഴുകിക്കൊണ്ടിരുന്നു.

ഒരു പാട് സന്തോഷത്തോടെയും കൊച്ചുകൊച്ചു ആഗ്രഹങ്ങൾ ഉള്ളിലടക്കി വെച്ചുകൊണ്ടും വിവാഹരാത്രി ഗായത്രി അവന്റെ മുറിയിലേക്ക് ചെന്നതാണ്. തന്റെ ഹൃദയം പൊട്ടുന്നത് പോലെയാണ് അവൾ ആ കാഴ്ച കണ്ടത്. തന്റെ വരൻ മദ്യലഹരിയിൽ നിലത്ത് വീണുകിടക്കുന്നു. പിന്നീടങ്ങോട്ട് തന്റെ മകൻ ആകാശിന് വേണ്ടി ജീവിതം ത്യജിക്കുന്നതുപോലെയായിരുന്നു. അച്ഛനെപോലെ മകനാവരുത് എന്ന ഒരു ദൃഢനിശ്ചയത്തിലൂടെ നല്ല മാർഗ്ഗത്തിൽ ആകാശിനെവളർത്തി. പക്ഷെ ഇന്നവൻ എല്ലാം മനസ്സിലാക്കി. വീടിന്റെ തൊട്ടടുത്ത് ഒരു മുറിയിലുണ്ട്. അവിടെയാണ് സതീശന്റെ കള്ളുകുടിയും കഞ്ചാവും. തന്റെ കരഞ്ഞുകലങ്ങിയ കണ്ണുകളെ തുടച്ചുമാറ്റിക്കൊണ്ട് ഗായത്രി ആകാശിനെ തേടിപോയി. മലമുകളിൽ അവനിരിക്കുകയായിരുന്നു. ഗായത്രി മകന്റെ തൊട്ടടുത്തിരുന്ന് പറഞ്ഞു തുടങ്ങി.

'മോനെ, വീട്ടിലെ തൊട്ടടുത്തുള്ള ഒരു കുളത്തിൽ ഏകദേശം പത്ത് വർഷങ്ങൾക്ക്മുമ്പ്, അതായത് നിനക്ക് 1 വയസ്സ്. അന്ന് നല്ല മഴയായിരുന്നു. നിന്നെയും കൊണ്ട് നടക്കുമ്പോൾ കുളത്തിൽ വീണു. അതും ആഴത്തിൽ. ഞാൻ നിന്റെയും എന്റെയും ജീവനുവേണ്ടി നിലവിളിച്ചു. ഒരുപാട് സമയത്തിന് ശേഷം കുറച്ചാളുകൾ വന്ന് രക്ഷപ്പെടുത്തി. നീ എന്തോ ഭാഗ്യത്തിന് രക്ഷപ്പെട്ടു. അന്ന് മുതൽ നിന്നെ സുരക്ഷയോടും കരുത്തുലോടും വളർത്തിയതാണ് ഞാൻ. നീ പകൽ കാണുന്ന അച്ഛനല്ല രാത്രിയിൽ. നീ ഉറങ്ങികഴിഞ്ഞാൽ മാത്രമേ അച്ഛൻ വരൂ. പിന്നെയെന്നെ തൊഴിക്കലും അടിക്കലും... ഒരുപാട് കരയും. ഞാൻ മാത്രമല്ല ഒരു പാട് സ്ത്രീകളുണ്ട് ഇങ്ങനെഭയന്നുജീവിക്കുന്നവർ. അതിൽ ഒരുവൾ ഈ ഞാൻ. ഗായത്രി വിതുമ്പിക്കൊണ്ട് പറഞ്ഞു. ആ വാക്കുകൾ ആകാശിന്റെ ഹൃദയത്തിലും മനസ്സിലും പതിഞ്ഞു.

'അമ്മേ.. ഇനി മുതൽ അമ്മ കരയരുത്. ഞാനുണ്ട് അമ്മക്ക്. അച്ഛനെ പോലെ ഞാനവില്ല.' കരുത്താർജ്ജിച്ച വാക്കുകളോടെ അകാശ് അമ്മയുടെ കൈപിടിച്ചുകൊണ്ട് വീട്ടിലേക്ക് നടന്നു. രാത്രി 12 മണിയായി. സതീശൻ വന്നില്ല. അവർ രണ്ടുപേരും ഉറങ്ങാതെ നിന്നു. ഏറെ കഴിഞ്ഞിട്ടും കാണാത്തതുകൊണ്ട് അവർ സതീശന്റെ ചെറുപുരയിലേക്ക് പോയി. സതീശൻ ആ മുറിയിലെ ഒരു മൂലയിലിരുന്ന് കൊണ്ട് കുഞ്ഞുകുട്ടികളെ പോലെ കരയുകയായിരുന്നു.

'അച്ഛാ.... അച്ഛാ.. എന്തിനാ കരയുന്നത്' മദ്യലഹരിയിലാണെന്നറിഞ്ഞിട്ടും അകാശ് അവന്റെ അച്ഛന്റെ അരികിലെത്തി. അവനെ കണ്ടതും സതീശൻ ഞെട്ടി.

ആ..കാശ് നീ..നീ എന്താ ഇവിടെ?' സതീശൻ വിതുമ്പികൊണ്ട് ചോദിച്ചു. ഗായത്രി നിറകണ്ണുകളോടെ സതീശനെനോക്കി നിന്നു. സതീശന്റെ കുപ്പായത്തിലാകെ ചോര പുരണ്ടിരുന്നു. പെട്ടെന്ന് സതീശൻ ശർദ്ധിച്ചു. വായിലൂടെ രക്തമൊഴുകി. ആകാശിനും ഗായത്രിക്കും എന്താണ് ചെയ്യേണ്ടതെന്നറിയാതെ കുഴഞ്ഞു. എന്തോ ബോധോദയം വന്നപോലെ അവർ രണ്ടുപേരും അവനെ ആശുപത്രിയിലെത്തിച്ചു. ആശുപത്രിയിൽ ഒരു പത്ത് വയസ്സുകാരന്റെ പ്രവൃത്തിയല്ല ആകാശ്ചെയ്തത്. അച്ഛന്റെ മരുന്നി നും മറ്റ് ആവശ്യങ്ങൾക്കൊക്കെ ഓടിനടന്നു. ഗായത്രിക്ക് നിറകണ്ണുകളാലേ നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ. രണ്ട് മൂന്ന് ദിവസത്തിന് ശേഷം സതീശന് ബോധം വന്നു. പെട്ടെന്ന് തന്നെ റൂമിലേക്ക് മാറ്റി. ഗായത്രിയും ആകാശും സതീശന്റെ അരികിൽതന്നെയായിരുന്നു. സതീശൻ ഉണർന്നു. അപ്പോഴേക്കും ഡോക്ടറും വന്നിരുന്നു.

'സതീശന് ഇപ്പോൾ കുഴപ്പമൊന്നുമില്ലല്ലോ? ഡോക്ടർ സുഖാന്വേഷണം നടത്തി. ' ഇല്ല ഡോക്ടർ.. ഇപ്പോൾ സുഖമായിരിക്കുന്നു.. പിന്നെയൊരുപാട് നന്ദി. സതീശൻ കൈകൂപ്പികൊണ്ട് പറഞ്ഞു.

'എനിക്കല്ല നന്ദി പറയേണ്ടത്. തന്റെ ഭാര്യക്കും കുഞ്ഞിനുമാ... താനെന്തോ ഭാഗ്യത്തിനാ രക്ഷപ്പെട്ടത്. പിന്നെയൊരു കാര്യം ലഹരിയെകുറിച്ചാണ്. ഒരു സുഖത്തിന് വേണ്ടി ആദ്യമത് പരീക്ഷിക്കുമ്പോൾ നമ്മൾ തിരിച്ചറിയാത്ത ഒരു കാര്യമുണ്ട്. അത് നഷ്ടമേ വരുത്തുകയുള്ളൂ എന്ന്. എത്രയോ സ്ത്രീകൾ അവരുടെ ജീവിതം ഇതിന് വേണ്ടി ബലിയർപ്പിക്കേണ്ടിവരുന്നു. ലഹരി എന്നത് എല്ലാ തെറ്റുകളുടെയും താക്കോലാണ്. ഇനിയെങ്കിലും താങ്കൾ നല്ല ജീവിതം നയിക്കൂ... തന്റെ ഭാര്യയും നിന്നെ വിട്ട് പോകും ഈ മകന്റെ ജീവിതം തെറ്റുകളിലൂടെ യാത്ര ചെയ്യും. ഡോക്ടർ പറഞ്ഞതുകേട്ട് സതീശന്റെ കണ്ണുകൾ ഈറനണിഞ്ഞു. തന്റെ മകനേയും ഭാര്യയെയും ചേർത്ത് പിടിച്ചുകൊണ്ട് പറഞ്ഞു.

'ഇതെന്റെ പുനർജന്മമാണ്. ഞാൻ ഇനി എന്റെ ഭാര്യയ്ക്കും മകനും വേണ്ടി ജീവിക്കും.' ഗായത്രിയും ആകാശും ഇതുവരെ അനുഭവിച്ച വേദനകൾ മറന്ന് സതീശന്റെ കൂടെ ജീവിക്കാൻ തീരുമാനിച്ചു. അവർ ഹോസ്പിറ്റലിൽ നിന്ന് ഇറങ്ങി. അപ്പോൾ ഒരു പുനർജന്മം പോലെ അയാൾ ഉയർത്തെഴുന്നേറ്റു. കഴിഞ്ഞ ജന്മം ചെയ്യാതെ പോയ കടങ്ങൾ വീട്ടാൻ കാലം കഥപറയുകയാണ്.

# ലഹരിയെന്ന കനൽ



Ajitha Satheesan
Std.X, GHSS

കനലല്ലെടോ ഈ ലഹരിയൊരു കനലല്ലെ
എരിഞ്ഞടങ്ങാൻ കൊതിക്കാത്ത കനലല്ലെ ലഹരി
ഒരു ചെറു തീപൊരി വീണല്ലോ ജ്വലിക്കില്ലെ കനൽ
ആളിക്കത്തില്ലെ വീണല്ലോ ആ കനൽ
ഇന്നിതാ തീപ്പൊരി നമ്മളാക്കുന്നു?
ഇന്നിതാ കൊല്ലുന്നു നിരപരാധികളെ
എരിഞ്ഞുതീർക്കാൻ വിധിച്ചതല്ല ഈ ജീവൻ
ചെറുത്തുനിൽക്കാമീ കാലനാം ലഹരിയെ
യുവജനം പോകുന്നു തിന്മതൻ പാതയിൽ
വരണം അവരിനി നന്മതൻ വീഥിയിൽ
അതിരനല്ലേ അവൻ, മരണത്തിനധിപനല്ലോ അവൻ
അവനു മുന്നിൽ മരണത്തിനധിപനാവണം നാം
കീഴ്പ്പെടുത്താമാ മരണത്തിന്നധിപനെ
വേണ്ട അവനാലുള്ള മരണം.
ചെറുക്കാം ഈ ലഹരിയാം കനലിനെ
കോർക്കാം കൈകൾ ജീവനുവേണ്ടി.
കൊതിക്കാം 'ലഹരിവിരുദ്ധ ലോകത്തി'നായ്
നേടാം നാം തീർത്ത ലക്ഷ്യം, പറക്കാമിനി വാനോളം
വെറുക്കാം ലഹരിയെ, വീണ്ടെടുക്കാമോ പഴയ ലോകം
പറിച്ചെടുക്കാമീ ലഹരിയെ,നട്ടുന്നനയ്ക്കാം സന്തോഷ പടുവനം
ഉടലെടുക്കാമിനി പുതിയൊരു ലോകം

# ജീവിതം ഒരു സാഹസിക യാത്ര



നവമി എസ്
VIIth A
JNV Mahe

'ടക്... ടക്... ടക്..' ഒരു രാത്രി പെരുമഴയത്ത്, വാതിലിനടുത്ത് നിന്നും വന്ന ശബ്ദം മകളെ താരാട്ടുപാടി ഉറക്കുന്ന അമ്മ ചെവിക്കൊണ്ടു. ആ വാതിൽ തുറന്നാൽ തന്നെയും തന്റെ മകളെയും കൊന്നുകളയാൻ വരെ അദ്ദേഹം മടിക്കില്ലെന്ന് അമ്മയ്ക്ക് ഉറപ്പായിരുന്നു. ഒരു സ്ത്രീയായി ഈ മണ്ണിൽ ജന്മം തന്ന് കൈയ്യിൽ തന്റെ ചുറ്റുപാടും നടക്കുന്ന ഒരു പിഞ്ചു കുഞ്ഞിനെയും തന്ന് ദൈവം എന്തിനാണ് എന്നെ ഇങ്ങനെ ശിക്ഷിക്കുന്നത് എന്ന് ആലോചിച്ചുനിൽക്കെ പുറത്തുനിന്ന് ആംബുലൻസിന്റെ ശബ്ദം അവളുടെ ചെവിയിൽ വന്നെത്തി. അതിവേഗം കുഞ്ഞിനെയും തോളിലേറ്റി അമ്മ വാതിൽ തുറന്ന് പുറത്തിറങ്ങി. വാതിലിന് പുറത്ത് അവൾ കണ്ട കാഴ്ചയാൽ ഒരു നിമിഷം സ്തംഭിച്ചുനിന്നു പോയി. അടുത്തുള്ള വീടുകളിൽ നിന്നും അയൽക്കാർ ഓടി വന്ന് ചുറ്റും കൂടിനിൽക്കുകയാണ്. അദ്ദേഹം തങ്ങളെ ഉപദ്രവിക്കും എന്ന ഭയം കാരണം ഒരാൾ പോലും അദ്ദേഹത്തിന്റെ അടുത്ത് ചെല്ലാൻ താൽപര്യപ്പെടുന്നില്ല. എന്നാൽ ആ ആൾക്കൂട്ടത്തിനിടയിൽ നിന്നും ഒരു വൃദ്ധ മുന്നോട്ടുവന്ന് അഭിപ്രായപ്പെട്ടു. 'പണ്ടൊക്കെ നമ്മുടെ ജോണി എന്തൊരു നല്ല ശീലമുള്ളവനായിരുന്നു. പത്താം ക്ലാസ് കഴിഞ്ഞ് തുടങ്ങിയതാ അവന്റെ അനാവശ്യമായ കൂട്ടുകെട്ടുകളും കുടിയും വലിയും. ഇന്നേ വരെ ഞാൻ ഒരു മാറ്റവും കാണുന്നില്ല. ഞാൻ പ്രതീക്ഷിക്കുന്നുമില്ല. പാവം സുമിത്ര. ജീവിതകാലം മുഴുവൻ അവൾ ഇത് എങ്ങനെനേരിടും? ആകെ ആ കൈയ്യിലിരിക്കുന്ന കുഞ്ഞ് മാത്രമേയുള്ളൂ. ഇതിനൊരു പോം വഴി. ഇതെല്ലാം കേട്ട് നിൽക്കുന്ന അമ്മയായ സുമിത്രക്ക് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. കുറ്റബോധവും പ്രയാസങ്ങളും എല്ലാം ഒന്നൊന്നായി അവളുടെ മനസ്സിലേക്ക് കയറിയിറങ്ങി. അവൾ നിലവിളിച്ച് കരഞ്ഞു. ആ സമയം അന്നാദ്യമായി തന്റെ കൈയ്യിലിക്കുന്ന കുഞ്ഞ് അപ്രത്യക്ഷമായി സുമിത്രയെ 'അമ്മേ' എന്ന് വിളിച്ചു. ആ വിളിയിൽ തന്നെയുണ്ടായിരുന്നു ജീവിതത്തിൽ കടന്നുവരുന്ന എല്ലാതരം വെല്ലുവിളികളെയും നേരിടാനുള്ള ആത്മവിശ്വാസവും കരുത്തുമെല്ലാം. ദൈവം ഭൂമിയിലേക്കിറങ്ങി വന്ന് തന്റെ മനസ്സിൽ കുടിയേറിയതുപോലെ സുമിത്രയ്ക്ക് അനുഭവപ്പെട്ടു. അവൾ വിളിച്ചുപറഞ്ഞു.'ഞാനെന്റെ ഭർത്താവിന് ജീവൻ കൊടുക്കും. ഞാൻ അദ്ദേഹത്തിനെഒരു പുതിയ ആളാക്കി മാറ്റുന്നതായിരിക്കും. ഞാനെന്റെ ജോണിയെ പഴയ ജോണിയാക്കി മാറ്റും' ഒരിക്കലും നടക്കാത്ത കാര്യമെന്ന് പിറുപിറുത്തു കൊണ്ട് ആൾകൂട്ടം അവിടെ നിന്നും പിന്മാറി. അപ്പോഴേക്കും അവളുടെ കണ്ണുനീർത്തുള്ളികൾ ഓരോന്നോരോന്നായി അവസാനിക്കുന്നുണ്ടായിരുന്നു. അടുത്തുള്ള ആംബുലൻസിലേക്ക് ജോണിയെ കയറ്റി സുമിത്ര ആശുപത്രിയിലേക്ക് യാത്രയായി. ചെക്കപ്പുകൾ നടത്തിയ ഡോക്ടർ സുമിത്രയോടായി പറഞ്ഞു.

'സുമിത്ര, നീ നിന്റെ ഭർത്താവിനെ രക്ഷിക്കാൻ ഒരുപാട് കഷ്ടപ്പെടുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി. എന്നാൽ അദ്ദേഹം ഒരുപാട് മദ്യവും മയക്കുമരുന്നും പുകയിലകളും ഉപയോഗിച്ചിരുന്നു. ജോണിയുടെ ഹൃദയത്തെ അത് ബാധിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ അയാളിൽ അർബുദം എന്ന ഒരു രോഗത്തിന്റെ സാധ്യത ഞാൻ കാണുന്നുണ്ട്. എന്നാൽ ഇദ്ദേഹത്തിന് അത് തടയാനുള്ള കഴിവുകൾ ഞാനുറപ്പായും കാണുന്നുണ്ട്. കേട്ടിട്ടില്ലേ, പ്രശസ്ത നടൻ ഇന്നസെന്റ് ഒരു ചെറുപുഞ്ചിരിയോടെയാണ് അർബുദത്തെ മറികടന്നത്. നമുക്ക് ശ്രമിച്ചുനോക്കാം. പേടിക്കേണ്ട, ആവശ്യമായ മുൻകരുതലുകളും നിർദ്ദേശങ്ങളും നൽകികൊണ്ട് ഡോക്ടർ അവിടെ നിന്നും നീങ്ങി. പെട്ടെന്നുതന്നെ ആത്മവിശ്വാസത്തോടെ സുമിത്ര ഐസിയു വാർഡിലേക്ക് കുഞ്ഞിനേയും തോളിലേറ്റി നടന്നു. തന്റെ ഭർത്താവ് ആശുപത്രിക്കിടക്കയിൽ കിടക്കുന്നത് കണ്ട് ആദ്യം അവളുടെ നെഞ്ചൊന്ന് പിടഞ്ഞു പോയെങ്കിലും ജോണിയുടെ അടുത്ത് നിന്ന് പഴയകാലത്തെ കുറിച്ച് അവൾ ഒരു പാട് കാര്യങ്ങൾ അദ്ദേഹത്തെ ഓർമ്മപ്പെടുത്തി. കാൻസറിനെ തരണം ചെയ്യാനുള്ള എല്ലാ നിർദ്ദേശങ്ങളും സുമിത്ര പകർന്നുകൊടുത്തു. അവസാനം അദ്ദേഹം നല്ല ശീലങ്ങളൊക്കെ ഒന്നൊന്നായി തിരിച്ചുപിടിച്ചു തുടങ്ങി. നല്ല മാറ്റങ്ങൾ സൃഷ്ടിക്കാനായി ജോണി ശ്രമിച്ചു. അവസാനം ആശുപത്രിക്കിടക്കയിൽ നിന്നും ജോണിക്ക് മോചനം ലഭിച്ചു. അപ്പോഴേക്കും കാൻസറിന്റെ ഓരോ ഘട്ടങ്ങളെയും ജോണി അതിജീവിച്ച് തരണം ചെയ്ത് കഴിഞ്ഞിരുന്നു. തന്റെ കുഞ്ഞിനെ ജോണി അന്നാദ്യമായി തിരിച്ചറിയാനും നല്ല ശീലങ്ങൾ പഠിപ്പിച്ചുകൊടുക്കുവാനും തുടങ്ങി. അതിന് ശേഷം ഇതുവരെ ജോണിയുടെ കൺമുന്നിലേക്ക് ലഹരിയുടെ പ്രവേശനം ഉണ്ടായിരുന്നില്ല. പിന്നെ സ്വന്തം കുടുംബത്തിന്റെ നന്മയ്ക്കായി അദ്ദേഹം പ്രവർത്തിച്ചു തുടങ്ങി. നല്ല ശീലങ്ങളൊക്കെശീലിച്ച് എപ്പോഴും ഒരു ചെറുപുഞ്ചിരിയോടെ ജോണി ജീവിതത്തെ മുന്നോട്ട് നടത്തി. ഇതിനൊക്കെ കാരണമായത് പാതിമരണത്തിൽ ആശുപത്രിക്കിടക്കയിൽ കിടക്കുമ്പോൾ സുമിത്ര പകർന്നുതന്ന ആത്മവിശ്വാസമായിരുന്നു. അന്നുമുതൽ തന്നെയാണ്. നല്ല ശീലങ്ങൾ ജോണി ആരംഭിച്ചത്. അദ്ദേഹം തന്റെ മകളെയും ഭാര്യയേയും ജീവന് തുല്യം സ്നേഹിക്കുകയും പുതുജീവിതം ആരംഭിക്കുകയും ചെയ്തു. അങ്ങനെ ഒരു ദിവസം അയൽക്കാരിയായ വൃദ്ധ അഭിപ്രായപ്പെട്ടു.

'ഞാനിന്നേവരെ കണ്ടതിൽ വെച്ച് ഏറ്റവും നല്ല മനുഷ്യനായി ജോണി മാറിയിരിക്കുന്നു. പഴയ ജോണിയല്ല ഇപ്പോഴത്തെ ജോണി അതിനുമപ്പുറമാണ്.അന്നൊരു പെരുമഴയുള്ള രാത്രി എല്ലാവരുടെയും മനസ്സിൽ ഓടിയെത്തി. അങ്ങനെ ആ നാടിന് മുഴുവൻ സുമിത്രയും കുടുംബവും മാതൃകയായി.

# എന്നിട്ടും....

2-ാം പേജിലെ തുടർച്ച

ഇറയത്ത് ഭാര്യ കുട്ടികളെ മടിയിലിരുത്തി അക്ഷരമാല പഠിപ്പിക്കുന്നു. അവനെ കണ്ടതും അവൾ അകത്തേക്ക് പോയി. അവൻ മുറിയിൽ കയറി എല്ലാം ചിതറി കിടക്കുന്നു. അരോ എന്തോ പരതാൻ കയറിയത് പോലെ. അവനോർത്തെടുത്തു. തന്റെ ചേട്ടൻ ഗൾഫിൽ നിന്നു കൊണ്ടുവന്ന ഒന്നാന്തരം ബീഡി കുറ്റി കാണാതായിരിക്കുന്നു. അതിന് തന്റെ ഭാര്യയെ പൊതിരെ തല്ലിയത് ഇന്നലെയായിരുന്നു. കുറ്റബോധത്തിന് സ്ഥാനമില്ല. കാരണം എണ്ണി തീർക്കാൻ പറ്റാത്ത കുറ്റങ്ങളാണല്ലോ ചെയ്ത് കൂട്ടിയത്. അവൻ മുറിയുടെ മുകളിൽ നോക്കി രണ്ട് ഛായ ചിത്രങ്ങൾ തന്റെ അച്ഛനും അമ്മയും. ഇരുവരും തങ്ങളുടെ പുകവലിക്കിരയായ മകന്റെ അവസ്ഥ കണ്ട് മനംനൊന്ത് മരിച്ചവർ. ഇന്ന് തന്റെ ഭർത്താവിന്റെ ദുശ്ശീലങ്ങളാൽ ദുരിതമനുഭവിക്കുന്ന ഭാര്യ. ഇനി ഭാവിയിൽ തന്റെ മകളും ഇങ്ങനെ ആർക്കും വേണ്ടാത്ത പാഴ്ജന്മമായി താനും ഇത്തരം ചിന്തകളാൽ വിഷാ ദമഗ്നനായി ബെന്നി കിടന്നു.

അപ്പോഴാണ് തന്റെ സ്കൂൾ കാലത്തുപയോഗിച്ച ഒരു ഇരുമ്പുപെട്ടി അവന്റെ കണ്ണിൽ പെട്ടത്. അവൻ അത് പതുക്കെ തുറന്നു അതിൽ നിറയെ ട്രോഫികളും മെഡലുകളുമായിരുന്നു. അതിനകത്ത് ഒരു ജേഴ്സി. ബെന്നി 7. അവൻ തന്റെ ചെറുപ്പകാലത്തെ കാര്യങ്ങളാലോചിച്ചു. അന്ന് നാട്ടിൽ ഏറ്റവും നന്നായി കാൽപന്തുകളിക്കുന്ന ഫുട്ബോൾ മാന്ത്രികൻ. പെട്ടിയുടെ ഏറ്റവും അടിയിലായൊരു കത്ത് അത് ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ വകയായിരുന്നു. ടീമിൽ വന്നു ചേരാനുള്ള കത്തായിരുന്നു അത്. അന്ന് എന്തു സന്തോഷമായിരുന്നു. ഭാര്യ പിതാവിന്റെ നിർത്താതെയുള്ള നിർബന്ധത്തിന് വഴങ്ങി സർക്കാർ ഉദ്യോഗത്തിന് വേണ്ടിയുള്ള പാച്ചിൽ. ഏറ്റവും ഒടുവിൽ പുകവലി എന്ന വില്ലനും. ഇതിനിടയിൽ തന്റെ ജീവൻ പെരുവഴിക്കും. ബെന്നിക്ക് തന്റെ നാഡിഞരമ്പുകളിൽ പുതിയൊരൂർജ്ജം ഒഴുകുന്നത് പോലെ തോന്നി. കരങ്ങൾ ബലിഷ്ടമായത് പോലെയും കാലുകൾ ഉറച്ചതുപോലെയും പ്രവൃത്തികളിൽ പൗരുഷമുള്ളതായും തോന്നി. അവൻ കണ്ണാടിക്ക് മുന്നിൽ പോയി ഉറക്കെ വിളിച്ചുപറഞ്ഞു. അത് ഒരു മുഴക്കമായി അവന്റെ ഹൃദയത്തിൽ തറച്ചു. അവൻ തിയ്യതി നോക്കി ഡിസംബർ 31. ഒരു നല്ല തുടക്കം തരണെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് സമയം 12.00 ആവാൻ കാത്തുനിന്നു. പതിനഞ്ചു വർഷങ്ങൾക്കിപ്പുറം. മാധ്യമങ്ങൾ റിപ്പോർട്ട് ചെ യ്തു.

ഇന്ത്യൻ ഫുട്ബോൾ ടീം കോച്ച് ബെന്നി മരണപ്പെട്ടു. അർബുദമാണ് കാരണം.? ആ വാർത്തകേട്ട് ലോകം ഞെട്ടി. ഇന്ത്യൻ ഫുട്ബോളിന് വേണ്ടി ഇത്രയധികം സംഭാവന നൽകിയ പരിശീലകൻ മറ്റാരുണ്ട്. എന്നാൽ ഒരു പാഴ്ജന്മത്തിൽ നിന്ന് ലോക മറിയപ്പെടുന്ന പരിശീലകനായി മാറിയ ബെന്നിയുടെ കഠിനാധ്വാനം മൺമറഞ്ഞു കിടന്നു.

പ്രായത്തിന്റെ ഭാരം കാരണം കളിക്കാരനിൽ നിന്ന് പരിശീലകനാവാൻ ബെന്നിയെടുത്ത തീരുമാനത്തിന് പതിനഞ്ച് വയസ്സ്. ബെന്നിയുടെ ഭാര്യ മാധ്യമങ്ങളോടായി പറഞ്ഞു. അന്ന് ആ കാൻസർ സെന്ററിൽ നിന്നും പുറത്ത് വന്നത് ഒരു പുതിയ മനുഷ്യനായിരുന്നു. അദ്ദേഹം പിൽക്കാലത്ത് തന്റെ സമ്പത്ത് അർബുദ രോഗികൾക്ക് വേണ്ടിയും അർബുദ നിവാരണത്തിനും, ലഹരി വിരുദ്ധ സംഘടനകൾക്ക് വേണ്ടിയും ഉപയോഗിച്ചു. എന്നാൽ ഇന്ന് അതേ അർബുദം അദ്ദേഹത്തെയും കവർന്നു കൊണ്ട് പോയി. ചെറുപ്പത്തിലെ പുകവലി തടഞ്ഞിരുന്നെങ്കിൽ ഇന്ന് ഇന്ത്യക്ക് അഭിമാനോജ്ജ്വലമായി നേട്ടങ്ങൾ അദ്ദേഹം ഉറപ്പായും തീർക്കുമായിരുന്നു. ഇനി അർബുദം മൂലം ഒരു ജീവനും നഷ്ടപ്പെടാതെ നമുക്ക് കാക്കാം. അവൾ വിരാമത്തിനായി ഇങ്ങനെ പറഞ്ഞു. 'പുകവലിക്കുമ്പോൾ പുകവലി നമ്മെ മരണത്തിന്റെ അടുത്തേക്കുമാണ് വലിക്കുന്നത്. ഇത്രയും പറഞ്ഞുകൊണ്ട് വിതുമ്പികൊണ്ട് അവൾ അവിടം വിട്ടു.

## ലഹരിയുടെ ലോകത്തേയ്ക്കുള്ള ചവിട്ടുപടികൾ

ഡോ. ഫിൻസ് എം ഫിലിപ്പ്

**കൗമാരക്കാർക്കിടയിൽ പുകയില, മദ്യപാനശീലങ്ങൾ തുടങ്ങുന്നത് തടയാൻ ആയാൽ ലഹരിക്കെതിരെയുള്ള നമ്മുടെ യുദ്ധം ഒരു പരിധിവരെ വിജയിച്ചു എന്ന് പറയാം. മറിച്ച് രാസലഹരികൾക്ക് മാത്രം പ്രാധാന്യം നൽകിയുള്ള ഇടപെടലുകൾ കതിരിന്മേൽ വളം വെക്കുന്നത് പോലെ നിരർത്ഥകമാണ്.**

ലഹരിമരുന്നുകളുടെ ഉപയോഗം വ്യാപമാകുന്നതായുള്ള വാർത്തകളും, അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന വേദനാജനകമായ പ്രകമ്പനങ്ങളും ദിനം തോറും കൂടി വരുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. കൗമാരക്കാരും യുവജനങ്ങളും ലഹരിക്കടിമപ്പെട്ട് ചെയ്തുകൂട്ടുന്ന ക്രൂരതകൾ മനുഷ്യമനസ്സാക്ഷിയെ മരവിപ്പിക്കുന്നു. അതിനാൽ തന്നെ ലഹരി ഉപയോഗത്തിനെതിരെ വ്യാപകമായ പ്രചാരണങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും സർക്കാർ തലത്തിലും വിവിധ സാമൂഹിക, സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിലും നടന്നുവരുന്നു. ലഹരിക്കെതിരെയുള്ള ഈ കുരിശുയുദ്ധങ്ങൾ എല്ലാം തന്നെ കൂടുതലും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എംഡിഎംഎ, എൽഎസ്ഡി, കഞ്ചാവ് തുടങ്ങിയവയുടെ ഉപയോഗത്തിനെതിരെയാണ്. തീർച്ചയായും പ്രസക്തവും അനിവാര്യവുമാണ് ഈ ഇടപെടൽ. എന്നാൽ ഈ പ്രർത്തനങ്ങൾക്കിടയിൽ നാട്ടിൽ ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ലഹരികളായ പുകയില, അടയ്ക്ക, മദ്യം എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണവും പ്രതിരോധ ഇടപെടലുകളും എത്രമാത്രം ഫലപ്രദമാണ് എന്ന് വിലയിരുത്തൽ കൂടി ചെയ്യേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിയോടെ നടത്തിയില്ലെങ്കിൽ വിപരീതഫലമാകും ഉണ്ടാവുക. കൗമാരത്തിൽ ആളുകൾ ആദ്യം ഉപയോഗിച്ചുതുടങ്ങുന്ന ലഹരിവസ്തുക്കൾപുകയില ഉൽപ്പന്നങ്ങളും മദ്യവുമാണ് എന്ന് നിരവധി പഠനങ്ങൾ ഉയർത്തിക്കാണിക്കുന്നു. അതിനാൽ അവയെ 'ഗേറ്റ് വേ ഡ്രഗ്ഗ്' (Gateway Drugs) എന്ന് വിളിക്കുന്നു. ഇവയുടെ ഉപയോഗം ആണ് ഇവരെ മറ്റ് ലഹരികൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നത്. അല്ലെങ്കിൽ അതിന് വേണ്ട പ്രോത്സാഹനവും ധൈര്യവും നൽകുന്നത്. അതിനാൽ നമ്മുടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രാപ്തമാവണമെങ്കിൽ പുകയില, മദ്യപാന ശീലങ്ങൾ കുട്ടികൾ തുടങ്ങുന്നത് തടയണം. അവയെ നിസ്സാരവൽക്കരിക്കുന്നത് ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് തുല്യമാണ്. പല ബോധവൽക്കരണ ക്ലാസുകളിലും പുകയില, മദ്യപാനശീലങ്ങളെ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ ഉയർത്തികാണിക്കുകയോ, അവ ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതായോ കാണുന്നില്ല. കൗമാരക്കാർക്കിടയിൽ പുകയില, മദ്യപാനശീലങ്ങൾ തുടങ്ങുന്നത് തടയാൻ ആയാൽ ലഹരിക്കെതിരെയുള്ള നമ്മുടെ യുദ്ധം ഒരു പരിധിവരെ വിജയിച്ചു എന്ന് പറയാം. മറിച്ച് രാസലഹരികൾക്ക് മാത്രം പ്രാധാന്യം നൽകിയുള്ള ഇടപെടലുകൾ കതിരിന്മേൽ വളം വെക്കുന്നത് പോലെ നിരർത്ഥകമാണ്.

## അന്ധകാരം

ANOHITHA C
Std.IX, Kalliassery HS



താരാട്ടുപാട്ടിന്റെ ഈണത്തെയിന്നു ഞാൻ–
തള്ളിപ്പറഞ്ഞു ദിനങ്ങളായി.
അന്ധകാരത്തിലെ മിന്നാമിനുങ്ങിനെ–
കുത്തിനോവിച്ചു ഞെരുക്കി ഞാനും
ശാന്തമായൊഴുകുന്ന നദിയായ–
ഞാനിന്നു കലിതുള്ളിയെരിയുന്ന തിരകളായ്.
പൂമഴയാകുന്ന രാവിനെയിന്നു ഞാൻ–
ചാട്ടവാറെറിയുന്ന രാത്രിയാക്കി.
അന്ധകാരത്തിനടിമയാം ഞാനിന്നു–
ഓർത്തുപോയരുമയാം മാതാവിനെ...
വിദ്യാലയത്തിലായന്നു ഞാൻ അറിഞ്ഞില്ലാ–
മാധുര്യമേറുന്ന വിദ്യയെ
രക്തമിറ്റുവീഴുന്ന തുള്ളിയും ചൂണ്ടിപ്പറഞ്ഞു–
നീ കുറ്റവാളി...
ഹൃദയ സ്പന്ദന താളങ്ങളുരുളുന്നു.
നീ ചെയ്ത പാപമാണിതു നിന്റെ ജീവിതം
കണ്ടുപഠിച്ചതും കേട്ടുപഠിച്ചതും
സ്നേഹിച്ചുപോയതും ലഹരിയെ ഞാൻ
മാമ്പഴച്ചാറുപോലൂറ്റി കുടിച്ചതും
ജീവനെടുക്കുന്ന ലഹരിയെ ഞാൻ
സർപ്പ ഭൂതസ്വരങ്ങളായെൻ ധ്വനി
രൗദ്രമെറിയുന്ന ശബ്ദമായെൻ സ്വരം
അന്ധനായന്നു ഞാൻ കാണുന്നു.
ഞാനിന്നന്ധയാം രാവുകളോരോന്നായ്...

താരാട്ടുപാട്ടിന്റെ ഈണത്തെയിന്നു ഞാൻ
തള്ളി പറഞ്ഞു ദിനങ്ങളായ്
അന്ധകാരത്തിലെ മിന്നാമിനുങ്ങിനെ
കുത്തിനോവിച്ചു ഞെരുക്കിഞാനും
ശാന്തമായൊഴുകുന്ന നദിയായ ഞാനിന്നു
കലിതുള്ളിയെരിയുന്ന തിരകളായ്
പൂമഴയാകുന്ന രാവിനെയിന്നു ഞാൻ
ചാട്ടവാറെറിയുന്ന രാത്രിയാക്കി
വിദ്യാലയത്തിലെ മണ്ണിൽ ചവിട്ടുമ്പോള
റിഞ്ഞില്ല മാധുര്യമേറുന്ന വിദ്യയെ
കണ്ടുപഠിച്ചതും കേട്ടുപഠിച്ചതും
തള്ളിപ്പറയുന്നു ലഹരിയെ ഞാൻ
മാമ്പഴച്ചാറുപോലൂറ്റി കുടിച്ചതും
ജീവനെടുക്കുന്ന ലഹരിയെ ഞാൻ
അന്ധനായന്നു ഞാൻ കാണുന്നു ഞാനിന്ന–
ന്ധയാം രാവുകളോരോന്നായി



പാർത്ഥ, XI, JNV Mahe

## പുകയില വില്ലൻ



നാടാകെ വിലസിനടക്കും
വിരുതനാരെന്നറിയാമോ
പല പേരുകളിൽ പല കളറുകളിൽ
കറങ്ങിയടിക്കും വിരുതൻ
ചുറ്റും ചുറ്റും മാഫിയയാ
മയക്കുമരുന്നുമായി
ഈ യുദ്ധം യുദ്ധം യുദ്ധം തീരാൻ
കൂടെ നിൽക്കണെ
വലിയനായൊരു പാവം ബാലന്
വലിക്കുന്നതെന്തെന്ന് തിരിച്ചറിവില്ല
വലിച്ച് വലിച്ച്
ശ്വാസകോശം പിഴച്ചു
അവസാനം പവനായി ശവമായി...

അൻവിൻ കൃഷ്ണ കെ
7th B

## രചനകൾ ക്ഷണിക്കുന്നു

നേതി വാർത്താപത്രികയിലേക്ക് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, അധ്യാപകർ തുടങ്ങി സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് സൃഷ്ടികൾ നൽകാവുന്നതാണ്. ചെറുകഥ, ചെറുകവിത, നുറുങ്ങുകൾ, അനുഭവക്കുറിപ്പുകൾ, കാർട്ടൂണുകൾ, ചിത്രങ്ങൾ തുടങ്ങിയവ അയച്ചുതരാവുന്നതാണ്. രചനകൾ മൗലികമായിരിക്കണം. എല്ലാ സൃഷ്ടികളുടെയും ആശയം വിദ്യാലയങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഹാൻസ്, പാൻപരാഗ്, ബീഡി സിഗരറ്റ്, മദ്യം, വെറ്റിലമുറുക്ക് തുടങ്ങിയ അർബുദ കാരണങ്ങളായ ശീലങ്ങളെ അകറ്റുക എന്നതാവണം. പ്രസ്തുത സന്ദേശങ്ങൾ ഉൾക്കൊള്ളാത്ത സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതല്ല.




**സൃഷ്ടികൾ അയക്കേണ്ട വിലാസം**
എഡിറ്റർ, നേതി വാർത്താ പത്രിക
കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം
മലബാർ കാൻസർ സെന്റർ, മൂഴിക്കര പി.ഒ
തലശ്ശേരി, കണ്ണൂർ ജില്ല
e-mail: tccthalassery@gmail.com Ph: 9496048812, 9496048817


## മാറ്റം

ഋതുവർണ്ണ എൻ
XI, JNV Mahe



അമ്മയുടെ മരണത്തിന് ശേഷം അച്ഛൻ ഇങ്ങനെയാണ്. ആരോടും ഒന്നും പറയാതെ വീട്ടിൽ നിന്ന് ഇറങ്ങും. രാത്രി കുറേ വൈകി നാല് കാലിൽ കയറി വരും. അതുവരെ ഞാൻ വീട്ടിൽ തനിച്ചാണ്. പക്ഷെ എത്ര കുടിച്ചാലും എന്നോട് ഭയങ്കര സ്നേഹമാണ്. സ്കൂൾ വിട്ടു വന്നാൽ എനിക്കുള്ള ഭക്ഷണം ഏതെങ്കിലും ഹോട്ടലിൽ നിന്ന് വാങ്ങിച്ചത് തണുത്ത് വാഴയിലയിൽ തന്നെ ഉണ്ടാവും. പിന്നെ വീട്ടിലുള്ള ബിയർബോട്ടിലുകളും ബീഡികുറ്റികളും പെറുക്കി കളഞ്ഞ് പഠിക്കാനിരിക്കും. ഇതൊക്കെയാണ് എന്റെ ദിനചര്യകൾ. ഇന്നും നിർത്താതെയുള്ള വാതിലിലെ മുട്ടുകൾ കേട്ടാണ് ഞെട്ടിയെണീറ്റത്. സമയം പന്ത്രണ്ടര കഴിഞ്ഞു. അച്ഛന്റെ പൊന്നെ.... വാതില് തുറക്കട. അച്ഛനാ... ' വാതിൽ തുറന്നപ്പോൾ തന്നെ അകത്തു കയറി കട്ടിലിൽ കിടന്ന് ഒറ്റ കരച്ചിലാണ്. സ്ഥിരം കാഴ്ചയാണെങ്കിലും അച്ഛൻ കരയുന്നത് കണ്ടാൽ സഹിക്കില്ല. അമ്മയുടെ പേര് പറഞ്ഞ് കരയുന്നതാണ്. പക്ഷേ സങ്കടം കൂടുതലും എന്നെ പറ്റിയാണ്. അമ്മ പോയതിന് ശേഷം എന്നെ നോക്കാൻ ആരും ഇല്ല. സങ്കടം ഏറിയപ്പോൾ കൂടി തുടങ്ങിയതാണെങ്കിലും പിന്നെ കുടിയും വലിയും ഒന്നും നിർത്താൻ പറ്റിയില്ല. അങ്ങനെ ആകെയുള്ള സമ്പാദ്യം, കുപ്പിയും, ബിയറും വാങ്ങിച്ചു തീർത്തു. ഏത് അലമാര തുറന്നാലും സിഗരറ്റും, മദ്യകുപ്പികളും മാത്രം. കുറേ പറഞ്ഞതാ നിർത്താൻ. പക്ഷേ ഒത്തില്ല. അനങ്ങാതെ നിൽക്കും. എനിക്കറിയാം അച്ഛന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. പറ്റാഞ്ഞിട്ടാ. പാവം കുറേ കരഞ്ഞു കഴിഞ്ഞപ്പോ വീണ്ടും വലി തുടങ്ങി. അച്ഛന് ഭക്ഷണം ചൂടാക്കി കൊടുത്തപ്പോ കവിളിൽ ഒരു മുത്തം തന്നു. വീണ്ടും കുടി തന്നെ.

ഇന്ന് അച്ഛൻ നേരത്തെ വന്നിരുന്നു. ചുറ്റും ബിയർബോട്ടിൽ നടുവിൽ അച്ഛൻ. കണ്ടപ്പോൾ ഭയങ്കര വിഷമമായി. വൃത്തിയാക്കാൻ തുടങ്ങിയപ്പോൾ പെട്ടെന്ന് എണിറ്റ് എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞു. ആദ്യം ഞെട്ടിയെങ്കിലും പിന്നെ ഞാനും കരഞ്ഞു പാവം അച്ഛൻ ആകെ എല്ലും തോലുമായി. ചുണ്ടിനും കണ്ണിനടിയിലും പല്ലിനും ഒക്കെ ഇപ്പോ കറുത്ത നിറം. വരണ്ട തൊലി, ജലാംശം ഇല്ലാത്ത മുടിയിഴകൾ. മദ്യം കൊണ്ടുവന്ന മാറ്റം. ആദ്യമൊക്കെ എന്തുരസമായിരുന്നു. അമ്മയും ഞാനും അച്ഛനും എത്ര പെട്ടെന്നാ ഇങ്ങനെയൊരു മാറ്റം. കുറച്ചുകഴിഞ്ഞപ്പോയൾ ആ വാഴയിലയിലെ തണുത്ത ഭക്ഷണം എനിക്ക് വാരിതന്നു. ഭയങ്കരസന്തോഷമായി. ആ വിറയക്കുന്ന കൈകൊണ്ടായാലും എത്ര നാളായി അച്ഛന്റെ കൈകൊണ്ട് ഭക്ഷണം കഴിച്ചിട്ട്.. ഇതുപോലെയാണെങ്കിലും പരാതിയില്ല. ജീവിതകാലം മുഴുവൻ അച്ഛൻ കൂടെയുണ്ടായാൽ മതി. പതിവില്ലാതെ അന്നച്ഛൻ കുടിച്ചില്ല. കട്ടിൽ തന്നെ കിടന്നു. ആരോ അച്ഛന്റെ കൈകളിലും കാലുകളും അതിൽ കെട്ടിയിട്ടപോലെ. രാവിലെ ഭയങ്കരമായ അലർച്ച. നോക്കയപ്പോൾ അച്ഛനാണ്. ബിയറും ബീഡിയുമൊക്കെ വലിച്ചെറിയുന്നു. പിന്നെ ഭ്രാന്തുപിടിച്ചതുപോലെ അതെടുത്ത് കുടിക്കുന്നു. ഞാനാകെ വിറച്ചുപോയി. എന്റെ മൂർദ്ധാവിൽ ചുംബിച്ചു. അച്ചനിറങ്ങിപ്പോയി. മദ്യഷാപ്പിലേക്കാണ് എന്നുറപ്പുണ്ട്.

ഇന്നെനിക്ക് സ്കൂളിൽ പോകാൻ പറ്റിയില്ല. രാവിലെത്തെ കാര്യങ്ങൾ ആലോചിച്ചപ്പോൾ എന്തോ പോകാൻ തോന്നിയില്ല.

അച്ഛന് എന്തോ പറ്റിയിട്ടുണ്ട്. അന്ന് ഞാൻ വീട് വൃത്തിയാക്കാൻ തീരുമാനിച്ചു. അമ്മ പോയതിന് ശേഷം മുഴുവൻ പൊടിയും വലയുമൊക്കെയായി ആകെവൃത്തികേടാണ്. അച്ഛന്റെ അലമാരയിലുള്ള കുപ്പികളൊക്കെ എടുത്തുകളയാം എന്നു കരുതി തുറന്നപ്പോ കുപ്പികളുടെ ഇടയിൽ ഒളിപ്പിച്ചുവെച്ച നിലയിൽ രണ്ടുമൂന്ന് പേപ്പറുകൾ 'എന്തായിത്' അതിലുള്ള അക്ഷരങ്ങൾ വായിച്ചപ്പോൾ അറിയാതെ കണ്ണുകളൊക്കെ നീറിപുകഞ്ഞു. സൂചികൊണ്ട് കുത്തി ചോരവരുന്നതുപോലെ കണ്ണുനീർ തുള്ളികൾ പൊടിഞ്ഞു.

'കാൻസർ ഒന്നാം സ്റ്റേജ്'

പുറകിൽ നിന്ന് വാതിൽ തുറക്കുന്ന ശബ്ദം കേട്ടു പക്ഷെ കാലുകൾ അനങ്ങിയില്ല. അവ നിലത്തേക്ക് വേരൂന്നിയിറങ്ങിയിരുന്നു. കണ്ണുകളിലെ ജലപ്രവാഹത്തിന് അണയിടാൻ സാധിച്ചില്ല. വാതിൽ തുറന്നുവന്ന അച്ഛനും അതേ സ്ഥിതിയിൽ ആയിരുന്നു. കണ്ണുകളിൽ ഞെട്ടലുകാണാം....

'മോളെ... അച്ഛൻ.... അച്ഛന്....'

വാക്കുകൾക്കുമേൽ വികാരം സ്ഥാനം പിടിച്ചിരുന്നു. ഒന്നുപറയാനാകാതെ നിലത്തേക്കിരുന്നുപോയി ഞാൻ. ഓടി വന്നന്നെ പിടിച്ചുനിർത്തിയെങ്കിലും ജീവശവമായി ആ ദേഹത്തേക്ക് ചാരിയിരുന്നു.

രാവിലെ പതിവിലില്ലാതെ പാത്രത്തിന്റെ തട്ടലും മുട്ടലും, വേഗം എണിറ്റ് അടുക്കളയിലേക്ക് ഓടി. അച്ഛൻ പാചകം ചെയ്യുകയാണ്. എത്രയോ നാളുകൾക്ക് ശേഷം. അച്ഛൻ ഉണ്ടാക്കിയ ഭക്ഷണം... കണ്ണുകളിൽ നീർമുത്തിൻ തിളക്കം വന്നുപോയി. 'മോള്... എണീറ്റോ... ഇന്ന് സ്കൂളിലൊന്നും പോണ്ട. അച്ഛന്റെ കൂടെ നിൽക്ക്..'

അച്ഛൻ, എന്റെ അച്ഛൻ അതെ കണ്ണുകളിലെ ഉണർവ് എനിക്ക് തരിച്ചറിയാൻ കഴിഞ്ഞു. വീടിന്റെ മൂലയിൽ കുറേ മദ്യകുപ്പിയും സിഗരറ്റ് പാക്കറ്റും കണ്ടു. ഞാൻ ഓടി അലമാരയിൽ ചെന്നു നോക്കി. ഇല്ല ഒരൊറ്റ കുപ്പിപോലും അവശേഷിക്കുന്നില്ല. സന്തോഷം.. എനിക്ക് എന്തു ചെയ്യണമെന്നറിയില്ല. ഓടി പോയി അച്ഛനെകെട്ടിപിടിച്ചു. എന്നിട്ട് പറഞ്ഞു.. 'എനിക്ക് ഒറ്റയ്ക്കാവണ്ട, എനിക്ക് പേടിയാ, അച്ഛൻ എന്റെ കൂടെ വേണം. 'ഇല്ല മോളെ അച്ഛൻ എവിടെയും പോകില്ല. എനിക്കും ജീവിക്കണം. എന്റെ മോളുടെ കൂടെ, മോളുടെ ഉയർച്ച കണ്ട് അഭിമാനിക്കണം. ഏതൊരച്ഛനെയും പോലെ മാറാൻ തീരുമാനിച്ചു കഴിഞ്ഞു.

അന്നു ഞാൻ കരഞ്ഞു. ഏങ്ങി ഏങ്ങി കരഞ്ഞു എപ്പോഴെത്തെയും പോലെ ദുഃഖം കൊണ്ടല്ല, സന്തോഷം കൊണ്ട്. പിന്നിടങ്ങോട്ട് ജീവിതം മാറി. അച്ഛന്റെ ശീലങ്ങൾ മാറി. ഏറെ നല്ല ശീലങ്ങൾ എന്റെ ജീവിതത്തിന് അർത്ഥം നൽകി. മറ്റു കുട്ടികളെ പോലെ അച്ഛന്റെ കൈപിടിച്ച് സ്കൂളിൽ പോയി. അച്ഛൻ തന്റെ ആരോഗ്യം ശ്രദ്ധിക്കാൻ തുടങ്ങി.

ഇന്ന് ഞാൻ കാൻസർ വാർഡിൽ നിന്നും അച്ഛന്റെ കൈ പിടിച്ചാണ് പുറത്തേക്ക് നടക്കുന്നത്. അച്ഛന്റെ കാൻസർ മാറിയിട്ട് ഇന്നേക്ക് 12 വർഷം കഴിഞ്ഞു. ഇന്ന് ഞാനൊരു ഡോക്ടറാണ്. കാൻസറിനെചികിത്സിക്കുന്ന ഡോക്ടർ. അർബുദം എന്ന മഹാമാരിയിൽ നിന്നും കരകയറിയത് ഇന്നൊരു സ്വപ്നം പോലെ തോന്നുന്നു. ഒരു പാട് ശീലങ്ങൾ മാറ്റിയപ്പോൾ തന്നെ ജീവിതത്തിനും മാറ്റം വന്നു. അല്ലെങ്കിൽ അർബുദത്തിന്റെ തീജ്ജ്വാലയിൽ എരിഞ്ഞടങ്ങുന്ന കരിയിലകളിൽ ഒന്നാകുമായിരുന്നു ഞാനും എന്റെ അച്ഛനും.

Printed and published by Dr. Satheesan Balasubrahmannian, Director MCC - PGIOSR Thalassery. (For Private Circulation only) Printed at Co-op. Press, Thalassery. Copies 1300